File No.A2/33/2020-TC

**<u>ട്രാൻസ്പോർട്ട് കമ്മീഷണറേറ്റിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടി ക്രമം</u>**

**<u>(സാന്നിദ്ധ്യം:- GOPINATH R)</u>**

വിഷയം:- മോട്ടോർ വാഹന വകുപ്പ് - ജീവനക്കാര്യം -ക്ലാർക്ക് തസ്തികയിലെ 10% ഒഴിവുകളിലേയ്ക്ക് വകുപ്പിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരെ നിയമിച്ചുകൊണ്ടുള്ള - ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-
1. 03.01.2014-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 11/2014/ഉ.ഭ.പ.വ
2. 22.01.2020-ലെ ജി.ഒ(പി)നം.4/2020/പി&എ.ആർ.ഡി നമ്പർ സർക്കാർ ഉത്തരവ്
3. 06.03.2020-ലെ ജി.ഒ(ആർ.റ്റി)നം.103/2020/ട്രാൻസ് നമ്പർ സർക്കാർ ഉത്തരവ്
4. 28.09.2020 തീയതിയിലെ എ 2/31647/2017/റ്റിസി നമ്പർ ഉത്തരവ്

**<u>ഉത്തരവ് നമ്പർ. എ 2/33/2020/റ്റിസി തീയതി 10/02/2021</u>**

പരാമർശം (1)-ലെ സർക്കാർ ഉത്തരവ് പ്രകാരം കേരള പബ്ലിക് സർവീസ് കമ്മീഷൻ മുഖേന ക്ലാർക്ക്, ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ് തസ്തികകളിലേയ്ക്ക് ക്ലാസ് IV, സബോർഡിനേറ്റ് സർവ്വീസിൽപ്പെട്ട താഴ്ന്ന വിഭാഗം ജീവനക്കാർ എന്നിവർക്ക് പി.എസ്.സി. മുഖേന നിലവിൽ അനുവദിച്ചിട്ടുള്ള 10% തസ്തികമാറ്റത്തിന് പുറമേ ലാസ്റ്റ് ഗ്രേഡ് സർവ്വീസ് സ്പെഷ്യൽ റൂളിൽ ഉൾപ്പെട്ടവരും സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട താഴ്ന്ന വിഭാഗം ജീവനക്കാർക്കും തസ്തിക മാറ്റം വഴി അതാതു വകുപ്പിലെ ക്ലാർക്ക്, ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ് തസ്തികകളിലെ 10% ഒഴിവുകളിലും കൂടി യോഗ്യതയുടെയും, സീനിയോറിറ്റിയുടെയും അടിസ്ഥാനത്തിൽ തസ്തിക മാറ്റം അനുവദിച്ച് നൽകാൻ ഉത്തരവിട്ടിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ സൂചന (2).(3) പ്രകാരം വകുപ്പിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് വകുപ്പിൽ ഉണ്ടായ ഒഴിവുകൾക്ക് ആനുപാതികമായി ഒ.എ/അറ്റൻഡർ/ഡ്രൈവർമാരുടെ ജില്ലാതല സീനിയോറിറ്റി ലിസ്റ്റിൽ നിന്നും യോഗ്യതയുടെയും സീനിയോറിട്ടിയുടെയും അടിസ്ഥാനത്തിൽ ക്ലാർക്ക്, ടൈപ്പിസ്റ്റ് തസ്തികകളിലേക്ക് സ്ഥാനകയറ്റം നൽകാൻ ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ ജില്ലാതല സീനിയോറിറ്റി ലിസ്റ്റ് ഒ.എ/അറ്റൻഡർ/ഡ്രൈവർ എന്നീ വിഭാഗം ജീവനക്കാരെ ഉൾപ്പെടുത്തികൊണ്ടുള്ള സംയുക്ത സീനിയോറിറ്റി ലിസ്റ്റ് സൂചന (4) പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.

തൃശ്ശൂർ, കൊല്ലം ജില്ലകളിൽ തസ്തികമാറ്റം മുഖേന ക്ലാർക്ക് തസ്തികയിൽയഥാക്രമം നിയമിതരായ ശ്രീമതി.ആശ.റ്റി.ആർ, ശ്രീ.അജിത്കുമാർ.സി എന്നിവർ സർവ്വീസിൽ നിന്നും വിരമിച്ച ഒഴിവുകളിലേക്ക് ഒ .എ/അറ്റൻഡർ/ഡ്രൈവർ എന്നിവരെ ഉൾപ്പെടുത്തികൊണ്ടുള്ള തൃശ്ശൂർ , കൊല്ലം ജില്ലകളിലെ സംയുക്ത സീനിയോറിറ്റി

ലിസ്റ്റിൽനിന്നും യോഗ്യതയുടെയും, സീനിയോറിറ്റിയുടെയും അടിസ്ഥാനത്തിൽ വകുപ്പിലെ ജീവനക്കാരെ തസ്തികമാറ്റം മുഖേന ക്ലർക്ക് തസ്തികകളിലേക്ക് സൂചന (2,3) – ലെ സർക്കാർ ഉത്തരവിന് വിധേയമായി ചുവടെ പരാമർശിക്കും പ്രകാരം നിയമനം നൽകി ഉത്തരവാകുന്നു.

| ക്രമ നം | ജില്ല | പേരും തസ്തികയും | നിലവിൽ ജോലി ചെയ്യുന്ന ഓഫീസ് | ക്ലാർക്കായി നിയമിച്ചിരിക്കുന്ന ഓഫീസ് |
|---|---|---|---|---|
| 1. | തൃശ്ശൂർ | ജെയ്ജോ.പി.ജെ ഓഫീസ് അറ്റൻഡന്റ് | ആർ.ടി.ഒ, തൃശ്ശൂർ | ആർ.ടി.ഒ, തൃശ്ശൂർ (ശ്രീമതി.ആശ.റ്റി.ആർ വിരമിച്ച ഒഴിവിൽ) |
| 2. | കൊല്ലം | ജയകുമാർ.ജെ അറ്റൻഡർ | ആർ.ടി.ഒ, കൊല്ലം | സബ് ആർ.ടി.ഓഫീസ്, കരുനാഗപ്പള്ളി (ശ്രീ.അജിത്കുമാർ.സി വിരമിച്ച ഒഴിവിൽ) |

ബന്ധപ്പെട്ട എല്ലാ നിയന്ത്രണാധികാരികളും മേൽപ്പറഞ്ഞ ജീവനക്കാരെ ക്ലാർക്ക് തസ്തികയിലെ ജോലിയിൽ പ്രവേശിപ്പിക്കുന്നതിന് മുൻപ് യോഗ്യതാ സംബന്ധമായ സർട്ടിഫിക്കറ്റുകൾ കൃത്യമായി പരിശോധിക്കേണ്ടതും അവർ ക്ലാർക്ക് തസ്തികയിലേയ്ക്ക് പ്രവേശിക്കുവാൻ യോഗ്യമാണോ എന്ന് ബന്ധപ്പെട്ട റിക്കാർഡുകളും സർട്ടിഫിക്കറ്റുകളും പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതും ടി ജീവനക്കാർ വിടുതൽ ചെയ്ത/ക്ലർക്ക് തസ്തികകളിൽ ജോലിയിൽ പ്രവേശിച്ച തീയതി ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതുമാണ്.

Signature valid

Digitally signed by Gopinath R
Date: 2021.02.10 16:27:20 IST
Reason: Approved

GOPINATH R
SENIOR ADMINISTRATIVE OFFICER

സ്വീകർത്താവ്,

ബന്ധപ്പെട്ട എല്ലാ ജീവനക്കാർക്കും (നിയന്ത്രണാധികാരികൾ മുഖാന്തിരം)

പകർപ്പ്:-

ബന്ധപ്പെട്ട എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ/ആർ.ടി.ഒ/ജോയിന്റ് ആർ.ടി.ഒ മാർക്കും,